WEDNESDAY

09/07/2025

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/07/2025

1. കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ സംയുക്ത പദ്ധതിയായ RKVY (രാഷ്ട്രീയ കൃഷി വികാസ് യോജന) പ്രകാരം കൊല്ലങ്കോട് നെൻമേനി പാടശേഖര നെല്ലുൽപാദന സമിതിക്ക് അനുവദിച്ച വിശാലമായ ഉൽപ്പന്ന സംഭരണ കേന്ദ്രം കർഷകർക്കായി തുറന്നു നൽകുന്നു. കാർഷിക സംഭരണശാല 10.07.2025 ന് ഉച്ചക്ക് 200 മണിക്ക് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. ചടങ്ങിൽ നെന്മാറ നിയോജകമണ്ഡലം എം.എൽ.എ. കെ. ബാബു അദ്ധ്യക്ഷത വഹിക്കും. ആലത്തൂർ എം.പി. കെ. രാധാകൃഷ്ണൻ വിശിഷ്ടാതിഥിയായിരിക്കും.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന്റെ ഏകീകൃത തിരിച്ചറിൽ കാർഡ് നൽകുന്നതിന് എഐഐഎസ് സോഫ്റ്റ് വെയറിൽ അംഗങ്ങളുടെ പേര്, ജനന തീയതി, മൊബൈൽ നമ്പർ, ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, ഫോട്ടോ തുടങ്ങിയ വിവരങ്ങൾ ജൂലൈ 31 നകം അക്ഷയ കേന്ദ്രങ്ങളിൽ സമർപ്പിച്ച് അപ്ഡേറ്റ് ചെയ്യണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 049 204602.

3. കാർഷികസർവകലാശാലയുടെ കീഴിലുള്ള തവനൂർ കാർഷിക എഞ്ചിനീയറിങ് & ഫുഡ് ടെക്നോളജി കോളേജിലെ സുരക്ഷ ജോലികൾ (സെക്യൂരിറ്റി ഗാർഡ്) ഒരു വർഷക്കാലം എറ്റെടുത്ത് നിർവ്വഹിക്കുന്നതിന്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യോഗ്യതയുള്ള ഏജൻസികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറുകൾലഭിക്കേണ്ട അവസാന തിയതി 15.07.2025 ന് ഉച്ചയ്ക്ക് 1 മണി. വിശദ വിവരങ്ങൾ അറിയുന്നതിന് www.kau.in, kcaet.kau.in എന്നീ വെബ്സൈറ്റുകളിലോ 0494-2686214 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക

4. കേരള കാർഷിക സർവ്വകലാശാലയുടെ കമ്മ്യൂണിക്കേഷൻ സെന്ററിൽ ബിവി 380 കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്കുണ്ട്. ഒരു കോഴിക്കുഞ്ഞിന് 165/- രൂപയാണ് വില. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0487 - 2370773.

5. സാഫിന്റെ കീഴിൽ മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള സൂക്ഷ്മതൊഴിൽ സംരംഭങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, ഒരു കുടുംബത്തിന് ഒരു സംരംഭം പദ്ധതികളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 25.07.2025 അപേക്ഷാ ഫോറം സാഫിന്റെ ജില്ലാ നോഡൽ ഓഫീസുകളിലും മത്സ്യഭവൻ ഓഫീസുകളിലും www.fisheries.kerala.gov.in, www.safikerala.org എന്നീ വെബ് സൈറ്റുകളിലും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുമായി ബന്ധപ്പെടേണ്ടതാണ്.

ff



6. **പരിശീലന പരിപാടി**

"ഫലവർഗ്ഗ വിളകളിലെ കായിക പ്രവർദ്ധനം" (ബഡിങ്, ലയെറിങ്, ഗ്രാഫ്റ്റിംഗ്) എന്ന വിഷയത്തിൽ 14/07/2025 ന്, CAITT, വെള്ളായണി കാർഷിക കോളേജിൽ വെച്ച് ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിംഗ് (NIRT) ഇന്ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ 'റബ്ബറിൽ വളപ്രയോഗം' എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. മലയാളം ഭാഷയിലാണ് പഠന മാധ്യമം. കൂടുതൽ വിവരങ്ങൾക്ക്, 9495928077 എന്ന നമ്പറിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക. ഇ മെയിൽ training@rubberboard.org.in

8. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ജൂലൈ 16 മുതൽ 17 വരെ 2 ദിവസങ്ങളിലായി "തീറ്റപ്പുൽകൃഷി പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2025 ജൂലൈ 15-ന് വൈകുന്നരം 5 മണിക്ക് മുമ്പായി താഴെ കാണിച്ചിരിക്കുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണ്ടതാണ്. പങ്കെടുക്കുന്നവർക്ക് അർഹമായ ദിനബത്ത, യാത്രാബത്ത എന്നിവ ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ. ഫോൺ നം. 8089391209, 0476 2698550

9. <u>**കാർഷിക നിർദേശം**</u>

തെങ്ങ് നടീൽ

നടാൻ വേണ്ടി നിലമൊരുക്കാം. വെള്ളക്കെട്ടുകൾ രൂപം കൊള്ളുന്ന സ്ഥലങ്ങൾ തെങ്ങിന് അനുയോജ്യമല്ല. നടാനുള്ള കുഴികൾക്ക് 1 മീറ്റർ വീതം നീളവും വീതിയും ആഴവും ഉണ്ടായിരിക്കണം. ചെങ്കൽ പ്രദേശമാണെങ്കിൽ കുഴികൾക്ക് 1.2 മീറ്റർ വീതം നീളവും വീതിയും ആഴവും വേണം. മേൽമണ്ണും ചാണകപ്പൊടിയും ചാരവും കൂട്ടിക്കലർത്തിയ മിശ്രിതം ഉപയോഗിച്ച് കുഴിയുടെ മുന്നിൽ ഒരു ഭാഗം നിറക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇതിന്റെ നടുക്ക് ഒരു തേങ്ങാ മൂടാൻ വിധം പിള്ളക്കുഴി ഉണ്ടാക്കി അതിൽ തൈ വെച്ച് മണ്ണിട്ട് ഉറപ്പിക്കുക. താങ്ങുകാൽ നാട്ടി അതിനോട് മുകൾഭാഗം ചേർത്ത് കെട്ടുക. തീവ്രതയേറിയ വെയിലിൽ നിന്നും സംരക്ഷിക്കാൻ കുഴിക്കരയിൽ കുത്തി വെക്കുക. മടഞ്ഞ ഓലയോ വാഴകളോ തൈക്കുഴിയിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. മഴക്കാലത്ത് കുഴിയിലേക്ക് വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ ചുറ്റും വരമ്പ് തീർക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം